# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | **പ്രധാനവാർത്തകൾ** | **DATE:17.06.2026**

1. ജി-7 ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും അൽപസമയത്തിനകം കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി സഹകരണവും, സമകാലിക വിഷയങ്ങളും ഇരുവരും ചർച്ച ചെയ്യും.
2. പിഎം ശ്രീ പദ്ധതിയിൽ തുടരാൻ സംസ്ഥാന സർക്കാർ നിർബന്ധിതമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. പദ്ധതിയെക്കുറിച്ച് പരിശോധിക്കാൻ മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയതായും മുഖ്യമന്ത്രി.
3. കൊച്ചി റീജിയണൽ പാസ്പോർട്ട് ഓഫീസ് സന്ദർശിച്ച് വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ്.
4. വൈദ്യുതിലഭ്യതയിൽ പ്രതിസന്ധി നേരിടുന്നതിനാൽ ഈ മാസം 30 വരെ സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുമെന്ന് കെ.എസ്.ഇ.ബി.
5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. കോഴിക്കോട് ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് പോർച്ചുഗൽ, കോംഗോയെ നേരിടും. ഐ.സി.സി വനിതാ ട്വന്റി-20 ലോകകപ്പിൽ ഇന്ന് ഇന്ത്യ- നെതർലൻഡ്സ് പോരാട്ടം.

RNU TVPM

******************************

## പി എം- ട്രംപ്

ജി-7 ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും തമ്മിലുള്ള ഉഭയകക്ഷി കൂടിക്കാഴ്ച അൽപസമയത്തിനകം. 2025 ഫെബ്രുവരിയിൽ വാഷിംഗ്ടൺ ഡിസിയിൽ നടന്ന കൂടിക്കാഴ്ചയ്ക്ക് ശേഷം ഇരു നേതാക്കളും നേരിട്ട് ചർച്ച നടത്തുന്നത് ഇതാദ്യമായാണ്. ഉഭയകക്ഷി സഹകരണം ശക്തമാക്കുന്നതിനെക്കുറിച്ചും, പ്രാദേശികവും അന്തർദ്ദേശീയവുമായ സമകാലിക വിഷയങ്ങളെക്കുറിച്ചും ഇരുവരും ചർച്ചചെയ്യും. നയതന്ത്രപരമായി ഏറെ പ്രാധാന്യം കൂടിക്കാഴ്ചയ്ക്കുണ്ടെന്നാണ് വിലയിരുത്തൽ. പശ്ചിമേഷ്യ സംഘർഷം, ഊർജ്ജ സുരക്ഷ എന്നിവ സംബന്ധിച്ച കാര്യങ്ങളും ഇരുനേതാക്കളും ചർച്ച ചെയ്യേക്കും. യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെയർ, ജർമൻ ചാൻസലർ ഫ്രെഡറിക് മെർസ് എന്നിവരുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തുന്നുണ്ട്.

******************************

## പ്രധാനമന്ത്രി ജി 7

വികസ്വര രാജ്യങ്ങളുടെ സാമ്പത്തിക മടങ്ങിവരവിനായി അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങൾ പിന്തുണ നൽകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സുസ്ഥിര സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ട ജി7 വർക്കിങ് സെഷനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ജി7 രാജ്യങ്ങളും, ഐ.എം.എഫ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രതിനിധികളും വർക്കിങ് സെഷനിൽ പങ്കെടുത്തു.

******************************

## പിഎം ശ്രീ പദ്ധതി

പിഎം ശ്രീ പദ്ധതിയിൽ തുടരാൻ സംസ്ഥാന സർക്കാർ നിർബന്ധിതമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ . കഴിഞ്ഞ സർക്കാർ പദ്ധതിയിൽ ഒപ്പുവച്ച് പണം വാങ്ങിയതാണെന്നും, സംസ്ഥാന സർക്കാർ പിഎം

RNU TVPM

ശ്രീയിൽ പങ്കാളിയാണെന്നും മന്ത്രിസഭ യോഗത്തിന് ശേഷമുള്ള വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു. . കരിക്കുലം നിശ്ചയിക്കാനും, പദ്ധതിക്കായി സ്കൂളുകൾ തെരഞ്ഞെടുക്കാനുമുള്ള അവകാശം സംസ്ഥാന സർക്കാരിനായിരിക്കും. ഇക്കാര്യം കേന്ദ്രസർക്കാരിനെ അറിയിക്കുന്ന കാര്യം പരിശോധിക്കാനും റിപ്പോർട്ട് സമർപ്പിക്കാനും മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയെന്നും മുഖ്യമന്ത്രി അറിയിച്ചു.

***************************

## പി എം ശ്രീ-വി ശിവൻകുട്ടി+കെ സുരേന്ദ്രൻ

പി എം ശ്രീ യിൽ നിന്നും മുൻ സർക്കാർ പണം കൈപ്പറ്റി എന്ന മുഖ്യമന്ത്രിയുടെ പരാമർശം വസ്തുതവിരുദ്ധമാണെന്ന് മുൻ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. പി എം ശ്രീ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു നടപടിക്രമവും LDF സർക്കാർ സ്വീകരിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. എസ്.എസ്.കെ ഫണ്ട് കിട്ടുന്നതിനുവേണ്ടി താൽക്കാലിക നടപടി മാത്രമാണ് എൽഡിഎഫ് സർക്കാർ സ്വീകരിച്ചതെന്നും, പി എം ശ്രീയുമായി ബന്ധപ്പെട്ട നടപടികൾ മരവിപ്പിക്കാൻ മന്ത്രിസഭ തീരുമാനിച്ച വിവരം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നതായും അദ്ദേഹം വ്യക്തമാക്കി. അതേസമയം, വോട്ട് ബാങ്ക് രാഷ്ട്രീയത്തിൻറെ പേരിലാണ് പി എം ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാതിരുന്നതെന്ന് ബിജെപി നേതാവ് കെ സുരേന്ദ്രൻ ആരോപിച്ചു. രാജ്യമാകെ ബാധകമായ കാര്യത്തിൽ നിന്നും കേരളത്തിന് മാറി നിൽക്കാൻ കഴിയില്ലെന്നും, പി എം ശ്രീ കരിക്കുലത്തിൽ കേന്ദ്രം ഇടപെടുമെന്നും അദ്ദേഹം പ്രതികരിച്ചു.

***************************

## കീർത്തി വർധൻ സിംഗ് (ഇൻട്രോ)

വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് കൊച്ചി റീജിയണൽ പാസ്പോർട്ട് ഓഫീസ് സന്ദർശിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ കഴിഞ്ഞ 12 വർഷത്തിനിടയിൽ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് അദ്ദേഹം

PNUTVPM

സംസാരിച്ചു. പ്രവാസികൾക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിൽ റീജിയണൽ പാസ്പോർട്ട് ഓഫിസുകൾ നിർണായക പങ്ക് വഹിക്കുന്നതായും മന്ത്രി പറഞ്ഞു.
(ഹോൾഡ്)

****************************

## പിഎം വികസിത് ഭാരത് റോസ്ഗർ യോജന

പിഎം വികസിത് ഭാരത് റോസ്ഗർ യോജന പ്രകാരമുള്ള 2,400 കോടി രൂപയുടെ ഇൻസെൻറീവ് പ്രധാനമന്ത്രി നരേന്ദ്ര മോദി വെള്ളിയാഴ്ച ന്യൂഡൽഹിയിൽ വിതരണം ചെയ്യും. 15 ലക്ഷത്തോളം പേർക്കാണ് പദ്ധതിയിലൂടെ ഇതുവരെ തൊഴിൽ ലഭ്യമാക്കിയത്. ആദ്യമായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് 15,000 രൂപ വരെയാണ് കഴിഞ്ഞ ഓഗസ്റ്റിൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ ഇൻസെൻറീവ് ലഭിക്കുക. തിരുവനന്തപുരം, കൊല്ലം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലും 19 ന് പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

****************************

## മന്ത്രി പി കെ ബഷീർ-ദേശീയപാത

സംസ്ഥാനത്തെ ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കാനും ആവശ്യമായ പരിഹാര നടപടികൾ നിർദേശിക്കാനുമായി ജിയോ ടെക്നിക്കൽ വിദഗ്ധരെ നിയമിക്കാൻ തീരുമാനിച്ചതായി പൊതുമരാമത്ത് മന്ത്രി പി കെ ബഷീർ അറിയിച്ചു. ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട് അടുത്തിടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ പ്രശ്നങ്ങളും അതിനെത്തുടർന്ന് ജനങ്ങൾക്കിടയിൽ ഉയർന്ന ആശങ്കകളും പരിഹരിക്കുന്നതിന്റെ ഭാഗമായാണ് ഈ നടപടി.ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ അധികൃതരുമായി തിരുവനന്തപുരത്ത് നടത്തിയ ഉന്നതതല യോഗത്തിലാണ് തീരുമാനം.

****************************

## വൈദ്യുതി നിയന്ത്രണം-ഇൻട്രോ

വൈദ്യുതിലഭ്യതയിൽ രൂക്ഷമായ പ്രതിസന്ധി നേരിടുന്നതിനാൽ സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുമെന്ന്

കെ.എസ്.ഇ.ബി. മന്ത്രി സണ്ണി ജോസഫിന്റെ നേതൃത്വത്തിൽ നടന്ന യോഗമാണ് ഇതിന് അനുമതി നൽകിയത്. ജൂൺ 30 വരെ വൈകുന്നേരം 6 നും 12 നും ഇടയിലായിരിക്കും നിയന്ത്രണം. വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....
(വോയിസ്)

********************************

## വയനാട് പനി മരണം

സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൽ ആരോഗ്യ വകുപ്പിൻറെ നേതൃത്വത്തിൽ തുടരുകയാണ്. കോഴിക്കോട് ജില്ലയിൽ പുതിയ നിപ കേസുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. പാലക്കാട് ജില്ലയിൽ ഡെങ്കിപ്പനി ബാധിച്ച് ഒരു മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വയനാട്ടിൽ കടുത്ത പനിയും ഛർദിയും ബാധിച്ച് ആദിവാസി യുവതി മരിച്ചു. കുറ്റിവയൽ ഉന്നതിയിലെ ശ്രീക്കുട്ടിയാണ് മരിച്ചത്.

********************************

## ഇടുക്കി -ഷിഗല്ല (ഇൻട്രോ)

ഇടുക്കി കഞ്ഞിക്കുഴി പഞ്ചായത്തിലെ പഴയരിക്കണ്ടത്ത് രണ്ട് കുട്ടികൾക്ക് ഷിഗല്ല രോഗം സ്ഥിരീകരിച്ചതിനെ തുടർന്ന് ജില്ലാ മെഡിക്കൽ സംഘം പ്രദേശം സന്ദർശിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ അടിയന്തര യോഗം ചേരുകയും ചെയ്തു. മുൻകരുതൽ നടപടിയുടെ ഭാഗമായി പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകൾ അടിയന്തരമായി ക്ലോറിനേറ്റ് ചെയ്യാൻ നിർദേശം നൽകിയിട്ടുണ്ട്.
വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....
(വോയിസ്)

********************************

## മഴ

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്

RNU TVPM

ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. 9 ജില്ലകളിൽ ഇന്നും 7 ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്.

## ഫിഫ

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് പോർച്ചുഗൽ, കോംഗോയെ നേരിടും. രാത്രി 10.30 നാണ് മത്സരം. ഇംഗ്ലണ്ട്-ക്രൊയേഷ്യ മത്സരം രാത്രി 1.30 ന് ആരംഭിക്കും. ഘാന പനാമ മത്സരം നാളെ പുലർച്ചെ 4.30 നും, ഉസ്ബക്കിസ്ഥാൻ-കൊളംബിയ മത്സരം രാവിലെ 7.30 നുമാണ്. ലയണൽ മെസ്സിയുടെ ഹാട്രിക്കിലൂടെ അർജ്ജൻറീനയുടെ അവേശപ്പോരാട്ടത്തിനാണ് ലോകകപ്പ് ഇന്ന് സാക്ഷ്യം വഹിച്ചത്. എതിരില്ലാത്ത 3 ഗോളുകൾക്കാണ് അർജൻറീന അൾജീരിയയെ പരാജയപ്പെടുത്തിയത്.

## ഐ.സി.സി വനിതാ ട്വന്റി-20

ഇംഗ്ലണ്ടിൽ നടക്കുന്ന ഐ.സി.സി വനിതാ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ ഇന്ന് നെതർലൻഡ്സിനെ നേരിടും. രാത്രി 7 മണിക്കാണ് മത്സരം.

RNU TVPM